പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3044

19-06-2018 ൽ മറുപടിക്ക്

## പൊതുകുളങ്ങളുടെ നവീകരണ പദ്ധതി

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ)<br><br><br><br><br><br>(ബി) | പൊതുകുളങ്ങളുടെ നവീകരണ പദ്ധതിയിലേക്ക് കൊല്ലം ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കുളങ്ങളുടെ വിശദാംശങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ;<br><br>പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ധനസഹായത്തോടു കൂടി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപയുടെ 'സുജലം - കുളങ്ങൾ, ചിറകൾ എന്നിവയുടെ സംരക്ഷണം' എന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ പൊതുകുളങ്ങളുടെ നവീകരണവും ഉൾപ്പെട്ടിട്ടുണ്ട്.<br><br>പൊതുകുളങ്ങളുടെ നവീകരണ പദ്ധതിയിലേക്ക് കൊല്ലം ജില്ലയിൽ നിന്നും ആർ.ഐ.ഡി.എഫ്, ആർ.കെ.വി.വൈ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട കുളങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കുളങ്ങളുടെ വിവരവും നവീകരണത്തിന്റെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ? | (സി) | തെരഞ്ഞെടുക്കപ്പെട്ട പദ്ധതിയിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഒന്നും ഉൾപ്പെട്ടിട്ടില്ല. എന്നാൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കരീപ്ര പഞ്ചായത്തിലെ തലവൂർകോണം പാട്ടുപുരയ്ക്കൽ ഏലാകുളത്തിന്റെയും ഉമ്മന്നൂർ പഞ്ചായത്തിലെ പുലിക്കോട്ടു ചിറയുടെയും പദ്ധതി റിപ്പോർട്ട് തയ്യാറാക്കി നബാർഡിന്റെ RIDF XXIV സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കെ.എൽ.ഡി.സി എം.ഡി ലഭ്യമാക്കിയിരുന്നു. ലഭ്യമായ അപേക്ഷകൾ എല്ലാം ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിരുന്നു. RIDF XXIV-ൽ, നബാർഡ് കെ.എൽ.ഡി.സി-യ്ക്ക് 35 കോടി രൂപയുടെ സെക്ടറൽ അലോക്കേഷൻ മാത്രമാണ് അനുവദിച്ച് നൽകിയത്. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഇപ്പോൾ പരിഗണിക്കാൻ കഴിയാത്തത്. കൂടുതൽ അലോക്കേഷൻ ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതികൾ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | RIDF XXII- കൊല്ലം ജില്ലാ പന്മന ഗ്രാമ പഞ്ചായത്തിലെ പ്ലാക്കാട് കുളത്തിന്റെ നവീകരണ പ്രവൃത്തികൾ | 74.02 | ടെൻഡർ നടപടി പുരോഗമിക്കുന്നു. |
| 2 | RIDF XXII- കൊല്ലം ജില്ലാ തലവൂർ ഗ്രാമ പഞ്ചായത്തിലെ നടുവണ്ണൂർ ചിറയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 62.85 | ടെൻഡർ നടപടി പുരോഗമിക്കുന്നു. |
| 3 | RKVY 2017-18 ഇടമുളയ്ക്കൽ പഞ്ചായത്തിലെ നെടുംകോട്ടുകോണം ചിറയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 98.20 | ടെൻഡർ നടപടികൾ പൂർത്തിയായി വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ